(ബി) The Kerala Promotion of tree growth in Non Forest Areas(Amendment Act 2007) Section 6 (3) പ്രകാരം സ്വകാര്യ കണ്ടൽക്കാടുകൾ പ്രത്യേക വിജ്ഞാപനം വഴി സംരക്ഷിക്കേണ്ടതും നശിപ്പിക്കുന്നവർക്കെതിരെ നടപടി എടുക്കേണ്ടതുമാണ്. കൂടാതെ കണ്ടൽവനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷമായ 2010-ൽ കണ്ടല്കൾ പരിരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് പദ്ധതി തയ്യാറാക്കുകയും ആയതിന് സർക്കാർ 14-9-2010-ൽ ജി.ഒ.(ആർ.റ്റി) 402/12/എഫ്. ആന്റ് ഡബ്ല്യു. എൽ.ഡി. പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള കണ്ടല്കളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, കണ്ടൽ തൈകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക, കണ്ടൽ സംരക്ഷിച്ചു നിലനിർത്താൻ താൽപ്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000 രൂപ പാരിതോഷികമായി നൽകുക. കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സ്വാഭാവിക പുനരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുകയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടല്കളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ ആണ് വനംവകുപ്പ് കണ്ടൽക്കാടുകളുടെ സംരക്ഷണ പദ്ധതിയിൽ നടപ്പിലാക്കിവരുന്നത്.

(സി) അതാതു ജില്ല സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 7-3-2014-ലെ Kerala Coastal Zone പ്രകാരം അതാത് ജില്ലാ കളക്ടർമാർക്ക് അവരവരുടെ അധികാരപരിധിയിൽ വരുന്ന കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് ഭംഗം വരുത്തുന്നവർക്കെതിരെ Environmental Protection Act 1986 Section 19 പ്രകാരം നടപടിയെടുക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

2011-12-ലെ ബഡ്ജറ്റിൽ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

297 (2126) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ആ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാനോ ലക്ഷ്യത്തിൽ എത്താനോ കഴിയാത്ത പദ്ധതികൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾക്കോരോന്നിനുമായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക മുഴുവൻ അനുവദിക്കപ്പെട്ടിരുന്നോ; അനുവദിക്കപ്പെട്ട തുക പിൻവലിക്കാതെ അവശേഷിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തപ്പെട്ടവ ഏതെല്ലാമായിരുന്നു ; വ്യക്തമാക്കാമോ ;

(ഡി) ഇവയിൽ നാലരവർഷത്തിന് ശേഷവും ലക്ഷ്യം കാണാനോ പൂർത്തീകരിക്കാനോ സാധിക്കാത്ത ഏതെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-12 ബഡ്ജറ്റ് നിർദ്ദേശത്തിലെ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ:

1. സ്വകാര്യഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകാനുള്ള പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്.
2. നിലവിലുള്ള കൺവീനർ സമ്പ്രദായത്തിനുപകരം കോൺട്രാക്ട് സമ്പ്രദായം എന്നത് നടപ്പിലാക്കിയിട്ടില്ല. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി&സി) വനംവകുപ്പിലെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന് പൊതുവായി അനുവദിക്കപ്പെടുന്ന ഫോറസ്റ്റ് പബ്ലിസിറ്റി/എക്സ്റ്റൻഷൻ ഫോറസ്ട്രി എന്നീ ബഡ്ജറ്റ് ശീർഷകങ്ങളിൽ ലഭ്യമാകുന്ന തുകയിൽ നിന്നുമാണ് സ്വകാര്യ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുവാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നത്.

ഈ പദ്ധതിക്ക് മാത്രമായി പ്രത്യേകം ബഡ്ജറ്റ് വകയിരുത്തൽ ഉണ്ടായിട്ടില്ല.

കൺവീനർ സമ്പ്രദായത്തിനുപകരം കോൺട്രാക്ട് സമ്പ്രദായം നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതില്ല.

(ഡി) ടി പദ്ധതിക്കുവേണ്ടി പ്രത്യേക കാലയളവ് നിഷ്കർഷിച്ചിട്ടില്ല. പദ്ധതി ഇപ്പോഴും തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly